(സി&ഡി) ഈ ആവശ്യം പരിഗണിച്ച് കാപ്പിയും കുരുമുളകും ഇടവിളയായി കൃഷി ചെയ്യുന്ന തോട്ടത്തിന് ഹെക്ടർ ഒന്നിന് 1000 രൂപ വീതം അനുവദിക്കുന്നുണ്ട്.

(ഇ) ഇല്ല.

(എഫ്) കല്പറ്റ മുനിസിപ്പാലിറ്റിയിലും വൈത്തിരി, പൊഴുതന, മേപ്പാടി, തരിയോട്, കോട്ടത്തറ, പേങ്കുപ്പള്ളി, പടിഞ്ഞാറേത്തറ, മുട്ടിൽ സുൽത്താൻ ബത്തേരി, നെന്മേനി, നൂൽപ്പുഴ, പുത്തടി, പുല്പള്ളി, മുത്തുൻകൊല്ലി, പനമരം, തൊണ്ടർനാട്, കണിയമ്പറ്റ, ഇടവക, തവിഞ്ഞാൽ തുടങ്ങിയ പഞ്ചായത്തുകളിലുമാണ് വിതരണം പൂർത്തിയാകാത്തത്. ഇതിനുള്ള 99,06,626 രൂപയുടെ ട്രഷറി ചെക്ക് 30-6-2003 നാണ് മാറികിട്ടിയത്. ടി തുക രണ്ട് ആഴ്ച സമയംകൊണ്ട് വിതരണം പൂർത്തിയാക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ അജ്ഞാതരോഗവും കീടനാശിനി പ്രയോഗവുമായുള്ള ബന്ധം

76 (2525) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ പദ്രേ, എന്മകജേ പ്രദേശങ്ങളിൽ വ്യാപകമായ അജ്ഞാത രോഗം, മരണങ്ങൾ എന്നിവയ്ക്ക് അവിടത്തെ കശുമാവിൽ തോട്ടങ്ങളിലെ കീടനാശിനി പ്രയോഗവുമായി ബന്ധമുള്ളതായി ശാസ്ത്രീയ പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണമെന്താണെന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(ബി) ഏതൊക്കെ ഏജൻസികളായിരുന്നു പ്രസ്തുത പഠനം നടത്തിയത് ; എന്നായിരുന്നു പ്രസ്തുത റിപ്പോർട്ടുകൾ സർക്കാരിന് നൽകിയതെന്നും പ്രസ്തുത റിപ്പോർട്ടുകളുടെ നിഗമനം എന്തായിരുന്നുവെന്നും വിശദാംശം നൽകുമോ ;

(സി) പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് എന്തൊക്കെ കരുതൽ നടപടികളാണ് പ്രസ്തുത മേഖലയിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശാസ്ത്രീയ പഠനങ്ങൾ ഇതിനുള്ള സാദ്ധ്യതകൾ തള്ളിക്കളയുന്നില്ല. എന്നാൽ ഇക്കാര്യം സംശയാധിതമായി സ്ഥിതികരിച്ചിട്ടുമില്ല. പഠനം തുടരുന്നു. കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച മുബൈ കമ്മീഷൻ, എന്റോസൾഫാൻ ആണെന്നുള്ളതു തള്ളികളഞ്ഞിരിക്കുകയാണ്.

(ബി) സംസ്ഥാന സർക്കാർ നിയോഗിച്ച ബന്ധുതൻ കമ്മിറ്റി, ഇൻഡ്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് നിയോഗിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച്, സെന്റർ ഫോർ ലൈഫ് ആന്റ് എൻയോൺമെന്റ്, ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നീ ഏജൻസികളാണ് പഠനം നടത്തിയിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച കമ്മീഷനും അന്വേഷിച്ചു. അച്ചുതൻ കമ്മിറ്റി റിപ്പോർട്ട് 2001 നവംബർ 2-നാണ് സർക്കാരിനു സമർപ്പിച്ചിട്ടുള്ളത്. അച്ചുതൻ കമ്മിറ്റിയുടെ പഠന നിയമങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് പ്ലാന്റേഷൻ കോർപ്പറേഷൻ പരിസര പ്രദേശത്തുള്ള പാദ്രേ വില്ലേജിലെ റാണി നഗർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിലെ 619 കുട്ടികളിലാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്കുപേഷണൽ റിസർച്ച് എന്ന ഏജൻസി പഠനം നടത്തിയിട്ടുള്ളത്. ഇതിൽ പരിസര പ്രദേശങ്ങളിലെ കുട്ടികളിൽ പ്രകടമായ അസാധാരണ രോഗങ്ങളും ജനിതക ബുദ്ധിപരമായ വൈകല്യങ്ങളും എൻഡോസൾഫാന്റെ പാർശ്വ ഫലമായിരിക്കാമെന്ന സൂചനയുണ്ട്. അതിനുപുറമെ, തദ്ദേശ തല സ്രോതസ്സുകളിൽ നടത്തിയ പരീക്ഷണങ്ങളിൽ എന്റോസൾഫാന്റെ അംശം കണ്ടതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഏജൻസി നടത്തിയ പഠനങ്ങളുടെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) അച്ചുതൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറത്തിറക്കിയ ഉത്തരവു നമ്പർ ജി. ഒ. (എംഎസ്.) 30/2002/എ.ഡി. തീയതി 18-2-2002 പ്രകാരം അന്തരീക്ഷ മാർഗ്ഗേണയുള്ള എന്റോസൾഫാന്റെ പ്രയോഗം സംസ്ഥാനത്തുടനീളം നിരോധിച്ചു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 12-8-2002-ലെ ഉത്തരവു പ്രകാരം സംസ്ഥാനത്ത് എൻഡോസൾഫാന്റെ ഉപയോഗം ഇനി ഒരുത്തരവുണ്ടാകുന്നതുവരെ നിർത്തലാക്കി.

എൻഡോസൾഫാൻ പ്രയോഗം ഇപ്പോൾ ഒരു വിളയ്ക്കും കൃഷി വകുപ്പ് ശുപാർശ ചെയ്യുന്നില്ല. എൻഡോസൾഫാൻ സംസ്ഥാനത്തിനകത്ത് വിതരണം നടത്തുന്നതിനോ ബ്ലോക്കു ചെയ്യുന്നതിനോ ഉള്ള ലൈസൻസ് ഇപ്പോൾ കൃഷി വകുപ്പ് നൽകുന്നില്ല. ഇവ പ്രാദേശിക ഡിപ്പോകൾവഴി വിതരണം നടത്തുന്നില്ലെന്ന് പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ഇൻസെക്ടിസൈഡ്സ് ഇൻസ്പെക്ടർമാർ (കൃഷി ഓഫീസർമാർ) ആനുകാലിക പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു.

ആദിവാസികൾക്ക് വരുമാന പദ്ധതികൾ തുടങ്ങാൻ നടപടി

77 (2526) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് വരുമാനദായക പദ്ധതികൾ ആവിഷ്കരിക്കാൻ മൃഗസംരക്ഷണവകുപ്പും കൃഷി വകുപ്പും യോജിച്ച് ഏതെങ്കിലും പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly